**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2977** **12-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി - പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽക◌ുകയും, പ്രീക്വാളിഫിക്കേഷൻ ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറവു തുക ക്വാട്ട് ചെയ്ത കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തി യുടെ എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി CRZ clearance ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എൺവയോൺമെന്റൽ ഇംപാക്റ്റ് അസെസ്സ്മെന്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കി സി.ആർ.ഇസഡ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ച അപേക്ഷയിൽ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (ബി) | CRZ അനുമതിയ്ക്കായുള്ള അപേക്ഷ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 26.2.2022 തീയതിയിൽ നടന്ന 120-ാം മീറ്റിംഗിൽ പരിഗണിക്കുകയും 2011 CRZ വിജ്ഞാപനത്തിലെ Clause 3 (IV)(b) -ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അംഗീകൃത ഏജൻസി സൂക്ഷ്മ പരിശോധന നടത്തിയ Hydraulic Modeling Report സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയും ഉണ്ടായി.<br><br>തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സാങ്കേതിക റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 02.04.2022-ൽ നടന്ന 121-ാമത് യോഗം പരിശോധിക്കുകയും റിപ്പോർട്ട് 2019 ഏപ്രിൽ തയ്യാറാക്കിയതാണെന്നും റിപ്പോർട്ടിന്റെ ഉദ്ദേശ്യം 1.5 കി.മീറ്ററിൽ നിർദ്ദേശിച്ചിരിക്കുന്ന മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണമാണെന്നും നിരീക്ഷിക്കുകയും കണ്ണൂരിലെ പുതിയങ്ങാടിയിൽ |

| | | | |
|---|---|---|---|
| | | | ബ്രേക്ക് വാട്ടർ (വടക്കും തെക്കും), നദീതീര സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, റോഡ് രൂപീകരണം എന്നിവ ഉൾപ്പെടുന്ന റിവർ ട്രെയിനിംഗ് ജോലികൾക്കാണ് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നതിനാൽ നിർദ്ദിഷ്ട പ്രവർത്തനത്തിനായി അംഗീകൃത ഏജൻസി പരിശോധിച്ച Mathematical Modeling report സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകയും ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മോഡൽ സ്റ്റഡി റിപ്പോർട്ട് Kerala Coastal Zone Management Authority (K.C.Z.M.A) ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ